# പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. *255**

**08.05.2017-ന് മറുപടിയ്ക്ക്**

## പി. ഡി. അക്കൗണ്ടിലെ പണം ഉപയോഗിച്ച് സ്കൂളുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളുടെ നവീകരണത്തിന് പി. ഡി. അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന പണം പിൻവലിച്ച് ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ പി. ഡി. അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയും പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും പ്രധാനാദ്ധ്യാപകർക്കും 29.03.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.884/2017/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ പണം ഏതെല്ലാം പ്രവൃത്തികൾക്ക് ഉപയോഗിക്കാമെന്ന് വിശദമാക്കാമോ; | (സി) വിദ്യാർത്ഥികളുടെ ആവശ്യത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനും ക്ലാസ് മുറികളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റുന്നതിനുമുള്ള |

അറ്റകുറ്റപ്പണികൾക്കായും 'പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി വിദ്യാർത്ഥി കേന്ദ്രീകൃത അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അടുക്കള, ഡൈനിംഗ് ഹാൾ, ടോയ്‌ലെറ്റുകൾ, ലൈബ്രറി എന്നിവയ്ക്കായും പി. ഡി. അക്കൗണ്ടുകളിൽ കിടക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

(ഡി) ഈ ആവശ്യത്തിന് പി. ഡി. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ഉപയോഗിക്കുന്നതിന് നിലവിലുള്ള നടപടിക്രമം ലഘൂകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

(ഡി) പി. ഡി. അക്കൗണ്ടുകളിലെ തുക ഉപയോഗിച്ചുള്ള വാങ്ങലുകൾ സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾക്ക് വിധേയമായും നിർമ്മാണ പ്രവർത്തനങ്ങൾ എൽ.എസ്.ജി.ഡി. വിഭാഗം എൻജിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലും അവരുടെ മേൽനോട്ടത്തിലും സ്കൂൾ വികസന സമിതി/രക്ഷാകർതൃ സമിതി മുഖേനയുമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ